**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 727** **24-08-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിലെ തട്ടിപ്പുകൾക്കെതിരെ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. റോജി എം. ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ ബാങ്കുകളിലെ പണം ദുരുപയോഗം ചെയ്യുന്ന ഉദ്യോഗസ്ഥരുടെയും ഭരണസമിതിയുടെയും സ്വത്തുക്കൾ കണ്ടുകെട്ടാൻ സഹകരണ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | സഹകരണ നിയമം വകുപ്പ് 68(3) പ്രകാരം ക്രമക്കേടിന് ഉത്തരവാദികൾ ആയവരിൽ നിന്നും റവന്യൂ റിക്കവറി നിയമത്തിലെ വകുപ്പുകൾ പ്രകാരം തുക ഈടാക്കുന്നതിന് വ്യവസ്ഥയുണ്ട്. മാത്രമല്ല സഹകരണ നിയമം വകുപ്പ് 79 പ്രകാരം ക്രമക്കേടിന് ഉത്തരവാദികൾ ആയവരുടെ ആസ്തികൾ ഉടൻ ജപ്തി ചെയ്യുന്നതിനും വ്യവസ്ഥയുണ്ട്. |
| (ബി) | സഹകരണ മേഖലയ്ക്ക് കരുവന്നൂർ ബാങ്ക് ക്രമക്കേട് പോലുള്ള സംഭവങ്ങൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; | (ബി) | കരുവന്നൂർ ബാങ്ക് ക്രമക്കേട് പോലുള്ള സംഭവങ്ങൾ നിക്ഷേപകരിൽ ചെറിയ തോതിൽ ആശങ്ക ഉണ്ടാക്കിയിട്ടുണ്ടെങ്കിലും ഇത് സഹകരണ മേഖലയ്ക്ക് പ്രതിസന്ധി ഉണ്ടാക്കിയിട്ടില്ല. |
| (സി) | സഹകരണ ബാങ്കുകളിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും ഭരണസമിതിക്കെതിരെയും രാഷ്ട്രീയത്തിനതീതമായി കർശന നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | സഹകരണ ബാങ്കുകളിൽ അഴിമതി നടത്തുന്ന ഉദ്യോഗസ്ഥർക്കെതിരെയും ഭരണസമിതിക്കെതിരെയും നിയമാനുസൃതമുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ